# ജനപ്രവാഹം തുടരുന്നു... പ്രാർഥനകളുമായി ആയിരങ്ങൾ

സ്വന്തം ലേഖകൻ

**മലപ്പുറം:** പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ്തങ്ങളുടെ നിര്യാണത്തിൽ അനുശോചനമറിയിച്ച് കൊടപ്പനയ്ക്കൽ തറവാട്ടിലേക്ക് ചൊവ്വാഴ്ചയും ജനപ്രവാഹം തുടർന്നു. തങ്ങളുടെ വിയോഗത്തിന്റെ മൂന്നാം ദിവസമായ ചൊവ്വാഴ്ച തറവാട്ടിൽ നടന്ന പ്രാർഥനയിൽ നൂറുകണക്കിനാളുകൾ പങ്കുചേർന്നു. രാഷ്ട്രീയ സാമുദായിക രംഗങ്ങളിലെ പ്രമുഖരും മതപണ്ഡിതരും നാട്ടുകാരും ദുഃഖം പങ്കുവെക്കാനെത്തിയിരുന്നു.

സമൂഹത്തിലെ എല്ലാവിഭാഗം ആളുകളിലും തങ്ങൾ ചെലുത്തിയ സ്വാധീനം തെളിയിക്കുന്നതായിരുന്നു തറവാട്ടിനുമുമ്പിൽ രാവിലെ മുതലുണ്ടായ ജനസഞ്ചയം. രാവിലെ നടന്ന ദിക്ർ ദുആയ്ക്ക് സമസ്ത പ്രസിഡന്റ് കാളമ്പാടി മുഹമ്മദ് മുസ്‌ലിയാർ, സെക്രട്ടറി ചെറുശ്ശേരി സൈനുദ്ദീൻ മുസ്‌ലിയാർ എന്നിവർ നേതൃത്വം നൽകി. ശിഹാബ് തങ്ങളുടെ സഹോദരന്മാരായ ഹൈദരലി ശിഹാബ്തങ്ങൾ, സാദിഖലി ശിഹാബ് തങ്ങൾ, അബ്ബാസലി ശിഹാബ് തങ്ങൾ, മക്കളായ ബഷീറലി, മുനവ്വറലി എന്നിവരും കേന്ദ്ര മന്ത്രി ഇ. അഹമ്മദ്, മുസ്‌ലിം ലീഗ് ജനറൽ സെക്രട്ടറി പി.കെ. കുഞ്ഞാലിക്കുട്ടി, കോഴിക്കോട് ഖാസിമാരായ സയ്യിദ് മുഹമ്മദ്കോയ തങ്ങൾ, സയ്യിദ് നാസർ തങ്ങൾ, കോട്ടുമല ടി.എം. ബാപ്പു മുസ്‌ലിയാർ, ഫസൽ പൂക്കോയതങ്ങൾ, മുൻ മന്ത്രിമാരായ ടി.എച്ച്. മുസ്തഫ, സി.കെ. നാണു, എം.എൽ.എമാരായ വി.കെ. ഇബ്രാഹിം കുഞ്ഞ്, യു.സി. രാമൻ, പി.കെ. അബ്ദുറബ്ബ്, അഡ്വ. എം. ഉമ്മർ, അബ്ദുറഹ്മാൻരണ്ടത്താണി, കെ. മുഹമ്മദുണ്ണിഹാജി എന്നിവരും മറ്റ് ലീഗ് നേതാക്കളും സാമുദായിക സാംസ്കാരിക പ്രവർത്തകരും പ്രാർഥനയ്ക്ക് എത്തിയിരുന്നു.

വൈകീട്ട് മലപ്പുറം ടൗൺഹാളിൽ സമസ്തയുടെ നേതൃത്വത്തിൽ ശിഹാബ് തങ്ങൾ അനുസ്മരണവും നടന്നു.



പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ നിര്യാണത്തിന്റെ മൂന്നാംദിവസമായ ചൊവ്വാഴ്ച കൊടപ്പനയ്ക്കൽ തറവാട്ടിൽനടന്ന പ്രാർഥന

# ശിഹാബ് തങ്ങൾക്ക് സ്മാരകം നിർമിക്കും –സമസ്ത

**മലപ്പുറം:** പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങൾക്ക് സമസ്തകേരള ജംഇയ്യത്തുൽ ഉലമയുടെ നേതൃത്വത്തിൽ മലപ്പുറത്ത് സ്മാരകം നിർമിക്കും.

മലപ്പുറം ടൗൺഹാളിൽ സംഘടിപ്പിച്ച ശിഹാബ്തങ്ങൾ അനുസ്മരണയോഗത്തിൽ സമസ്ത സംസ്ഥാന ജനറൽ സെക്രട്ടറി ചെറുശ്ശേരി സൈനുദ്ദീൻ മുസ്‌ലിയാർ അറിയിച്ചതാണ് ഇക്കാര്യം.

സ്മാരകമായി ഓഡിറ്റോറിയം നിർമിക്കാനാണ് ഉദ്ദേശിക്കുന്നത്. ഒരു വർഷത്തിനുള്ളിൽ നിർമാണം പൂർത്തിയാക്കും. സമസ്തയുടെ പരിപാടികൾ നടത്തുന്നതിനാണ് ഓഡിറ്റോറിയം പ്രധാനമായും ഉപയോഗിക്കുക. സ്മാരകനിർമാണത്തിന് അന്തിമരൂപം നൽകുന്നതിന് വ്യാഴാഴ്ച സുന്നിമഹല്ലിൽ യോഗംചേരും.

ഇതുസംബന്ധിച്ച് ചേർന്ന ആലോചനായോഗത്തിൽ പാണക്കാട് ഹൈദരലി ശിഹാബ്തങ്ങൾ, എം.ടി.അബ്ദുല്ലമുസ്‌ലിയാർ, ഹാജി കെ. മമ്മദ്, എസ്.എം. ജിഫ്രി തങ്ങൾ, ഹാജി യു. മുഹമ്മദ്ശാഫി, പി.കുഞ്ഞാണി മുസ്‌ലിയാർ, കെ.എ.റഹ്മാൻ, പുത്തനഴി മൊയ്തീൻ, പി.പി.മുഹമ്മദ് എന്നിവർ സംബന്ധിച്ചു.